# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 11, ബുധന്‍
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍- 274)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| മുഖ്യമന്ത്രി | 6271 മുതല്‍ 6326 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 6327 മുതല്‍ 6393 വരെ |
| ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി | 6394 മുതല്‍ 6453 വരെ |
| ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി | 6454 മുതല്‍ 6544 വരെ |

### കേരളത്തിന് അനുവദിച്ച കേന്ദ്ര നിക്ഷേപപദ്ധതികള്‍

6271 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തിലേറിയശേഷം കേരളത്തിന് അനുവദിച്ച കേന്ദ്രനിക്ഷേപ പദ്ധതികള്‍ ഏതെല്ലാം ; ഓരോ പദ്ധതിക്കും ലഭിച്ച തുക എത്ര ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതികളിലെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എങ്ങനെ ; വിശദമാക്കുമോ ;

(സി) 2006 മേയ് മുതല്‍ 2011 മേയ് വരെ കേരളത്തിന് അനുവദിച്ച കേന്ദ്ര നിക്ഷേപ പദ്ധതികള്‍ ഏതെല്ലാം ; ഓരോ പദ്ധതിയ്ക്കും ലഭിച്ച തുക എത്ര ; ഈ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ;

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

(ഡി) ഈ കാലയളവിൽ അനുവദിച്ച ഏതെങ്കിലും പദ്ധതികൾ പിന്നീട് കേന്ദ്ര ഗവൺമെന്റ് ഉപേക്ഷിച്ചതായി അറിയപ്പ് ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് ഉപേക്ഷിച്ചത് ; അതിനുള്ള കാരണം വിശദമാക്കുമോ ;

(എഫ്) കേരളത്തിന് കേന്ദ്രനിക്ഷേപം നേടിയെടുക്കുന്നതിനും അത് മോണിട്ടർ ചെയ്യുന്നതിനും എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ: ബലരാമൻ കമ്മിറ്റി ശുപാർശ</u>

6272 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, റ്റി. വി. രാജേഷ്
,, പുരുഷൻ കടലുണ്ടി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു വർഷം മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(സി) നഴ്സിംഗ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ബലരാമൻ കമ്മിറ്റി ശുപാർശ എന്തായിരുന്നു ;

(ഡി) കമ്മിറ്റി ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഇ) വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവരുടെ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ കുട്ടനാട് താലൂക്കിൽ സഹായധനം അനുവദിച്ചവരുടെ ലിസ്റ്റ്**

6273 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഉൾപ്പെടുത്തി കുട്ടനാട് താലൂക്കിൽ 2011-12 വർഷങ്ങളിൽ ഇതുവരെ സഹായധനം അനുവദിച്ചവരുടെ ലിസ്റ്റ് തുക സഹിതം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ നിന്നുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാനുണ്ട്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും
വട്ടിയൂർക്കാവ് മണ്ഡലത്തിൽ നൽകിയ ധനസഹായം

6274 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വട്ടിയൂർക്കാവ് മണ്ഡല പരിധിയിലുള്ളവർക്ക് 2011 ജൂൺ മുതൽ 2012 മെയ് വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ധനസഹായങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

6275 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് അനുവദിച്ച ധനസഹായത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ചിട്ടുണ്ട് ;

(സി) ഇങ്ങനെ സമാഹരിക്കുന്നതിനായി എത്ര രൂപ പരസ്യയിത്തിലും മറ്റുമായി ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പരസ്യങ്ങളിൽ അഭിനയിച്ച സിനിമാതാരങ്ങൾ ഇതിലേയ്ക്കായി പ്രതിഫലം കൈപ്പറ്റിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നും അമ്പലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച സാമ്പത്തിക സഹായം

6276 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2011 മേയ് മാസംമുതൽ 2012 മേയ് മാസം വരെ അമ്പലപ്പുഴ മണ്ഡലത്തിൽ എന്ത് തുക അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ എത്ര തുക വിതരണം ചെയ്തുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പേപ്പർലെസ് ഓഫീസ് സംവിധാനം</u>

6277 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേപ്പർലെസ് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ആധുനിക കാലഘട്ടത്തിലെ പുതിയ സാങ്കേതികവിദ്യകൾ ഭരണ സംവിധാനത്തിന് ഉപയോഗപ്പെടുത്തുവാനും അതിലൂടെ പൊതുഭരണം സുതാര്യവും വേഗത്തിലുമാക്കാനും നടപടികൾ സ്വീകരിക്കുമോ ;

(സി) സർക്കാർ ഉദ്യോഗസ്ഥർക്ക് സാങ്കേതിക വിദ്യകളെ പരിചയപ്പെടുത്താൻ കൃത്യമായി നിർബന്ധിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ജനകീയ സിവിൽ സർവ്വീസ്

6278 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ കാര്യക്ഷമത ഉയർത്താൻ മാതൃകാപരമായ ഒരു നയം രൂപീകരിക്കുമോ ;

(ബി) ജനകീയ സിവിൽ സർവ്വീസ് എന്ന ആശയം പ്രാവർത്തികമാക്കാൻ ജീവനക്കാർക്ക് പരിശീലനം നൽകുമോ;

(സി) പോലീസ് ക്യാന്റീൻ മാതൃകയിൽ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഒരു ക്യാന്റീൻ സംവിധാനം ഏർപ്പെടുത്തുമോ ?

**കേരള നിയമസഭ**
**11.07.2012-ലെ മറുപടിക്ക്**

<u>ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമം</u>

6279 ശ്രീ. മുല്ലക്കര രത്നാകരൻ
,, ഇ. എസ്. ബിജിമോൾ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമം പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-വേസ്റ്റ് സംഭരണത്തിനും സംസ്കരണത്തിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ഇ-വേസ്റ്റിനത്തിൽ ഏതെല്ലാം ഇനങ്ങളാണ് ഉൾപ്പെടുന്നത് ; ഇവ കുമിഞ്ഞു കൂടുന്നത് പാരിസ്ഥിതിക പ്രശ്നം ഉണ്ടാക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>ബയോ ഡൈവേഴ്സിറ്റി കോൺഗ്രസ്സ്</u>

6280 ശ്രീ. സി. പി. മുഹമ്മദ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സ് നടത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെവച്ചാണ് ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സ് നടത്തുന്നത്;

(സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ആരൊക്കെയാണ് ഇതിൽ പങ്കെടുക്കുന്നത്; വിശദമാക്കുമോ;

(ഇ) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത കോൺഗ്രസ്സ് ചർച്ച ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ക്രമസമാധാന പരിപാലനരംഗത്ത് കേന്ദ്ര ആഭ്യന്തര സഹ മന്ത്രിയുടെ ഇടപെടൽ</u>

6281 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ് കുമാർ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തിന്റെ ക്രമസമാധാന പരിപാലനരംഗത്ത് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ഇടപെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ഏതെല്ലാം കേസുകളിലാണ് കേന്ദ്ര ആഭ്യന്തര സഹ മന്ത്രി ഇടപെട്ടതായി ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്രമവിരുദ്ധമായ ഇത്തരം ഇടപെടലുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ നൽകിയ ഏതെല്ലാം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ, വധകേസുകളുമായി ബന്ധപ്പെട്ട പ്രസ്താവനകളും ആഹ്വാനങ്ങളും നടത്തികൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>കെ. എസ്. സി. എസ്. റ്റി. ഇ.</u>

6282 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ ശാസ്ത്ര അദ്ധ്യാപകർക്കും ശാസ്ത്രജ്ഞർക്കുമായി കെ.എസ്.സി.എസ്.റ്റി.ഇ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയ്ക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>പ്രവാസികൾ നാട്ടിലേക്ക് പണം അയയ്ക്കുമ്പോൾ നികുതി ഈടാക്കൽ</u>

6283 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ നാട്ടിലേക്ക് പണം അയയ്ക്കുമ്പോൾ കൈമാറ്റം ചെയ്യുന്ന പണത്തിന് ബാങ്കുകൾ ഈടാക്കുന്ന നിരക്കിൽ നിശ്ചിത ശതമാനം സേവന നികുതി ഈടാക്കാനായുള്ള നീക്കത്തിൽ പ്രവാസികൾക്കുള്ള ഉൽകണ്ഠ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കോട്ടയം ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടി</u>

6284 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിലും, പരാതികളിലും എത്ര എണ്ണം ഇനിയും പരിഹരിക്കാനുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) കോട്ടയം ജില്ലയിലെ ജനസമ്പർക്ക പരിപാടികളിൽ വൈക്കം നിയോജക മണ്ഡലങ്ങളിലെ വിവിധ വകുപ്പുകളിൽ എത്രയെണ്ണം ഇനിയും പരിഹരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജനസമ്പർക്ക പരിപാടികൾ ഇനിയും സംഘടിപ്പിക്കുവാൻ ഗവൺമെന്റിന് പദ്ധതിയുണ്ടോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഐഡിയ ഫയൽ ട്രാക്കിംഗ് സംവിധാനം</u>

6285 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐഡിയ ഫയൽ ട്രാക്കിംഗ് സംവിധാനത്തിനുകീഴിൽ എം.എൽ.എ.മാരുടെ ഓഫീസിനെക്കൂടി ഉൾപ്പെടുത്തുമോ;

(ബി) മന്ത്രിമാർക്കു നൽകുന്ന പരാതികൾ/അപേക്ഷകൾ/മുതലായവ തിരയുന്നതിന് എം.എൽ.എ.മാരുടെ പി.എ. മാർക്ക് ഐഡിയ സംവിധാനത്തിനുകീഴിൽ ഐ.ഡി.യും പാസ്സ്‌വേഡും നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സെസ്സിനെ ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന് നടപടികൾ</u>

6286 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെസ്സിനെ ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കേന്ദ്ര ഗവൺമെന്റ് പ്രസ്തുത സ്ഥാപനം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) കേന്ദ്ര ഗവൺമെന്റുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ഗവണ്‍മെന്റ് സെക്രട്ടേറിയറ്റിലെ ഡിഡിഎഫ് എസ്
സോഫ്റ്റ്‌വെയര്‍

6287 ശ്രീ. റ്റി.എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗവണ്‍മെന്റ് സെക്രട്ടേറിയറ്റിലെ എത്ര വകുപ്പുകളില്‍ നാളിതുവരെ ഡി ഡി എഫ് എസ് സോഫ്റ്റ്‌വെയര്‍ നടപ്പിലാക്കിയിട്ടുണ്ട്; സെക്രട്ടേറിയറ്റില്‍ ഡി ഡി എഫ് എസ് നടപ്പിലാക്കിയത് ക്യാബിനറ്റ് തീരുമാനപ്രകാരമാണോ; എങ്കില്‍ എന്ന് മുതലാണ് ഇത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) നാഷണല്‍ ഇന്‍ഫര്‍മാറ്റിക്സ് സെന്റര്‍ (NIC) വികസിപ്പിച്ച മെസ്സേജ് സോഫ്റ്റ്‌വെയര്‍ അല്ലാതെ മറ്റേതെങ്കിലും സോഫ്റ്റ് വെയര്‍ നടപ്പിലാക്കാന്‍ കെല്‍ട്രോണുമായി ഏതെങ്കിലും കരാറില്‍ ഏര്‍പ്പെട്ടിട്ടുണ്ടോ;

(സി) ഡിജിറ്റലൈസേഷന്‍ സോഫ്റ്റ്‌വെയര്‍ നടപ്പാക്കുന്നതില്‍ കെല്‍ട്രോണിന്റെ ഭാഗത്ത് നിന്നും എന്ത് ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; അതിന്‍പ്രകാരം സെക്രട്ടേറിയറ്റിലെ ഡിജിറ്റലൈസേഷന്‍ എന്‍.ഐ.സി യെ ഏല്‍പ്പിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ;

(ഡി) സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനം എന്ന നിലയില്‍ ഇളവുകള്‍ നേടി സെക്രട്ടേറിയറ്റിലെ ഡിജിറ്റല്‍ സോഫ്റ്റ്‌വെയര്‍ പദ്ധതികള്‍ മറ്റേതെങ്കിലും സ്വകാര്യ ഏജന്‍സിയ്ക്ക് കെല്‍ട്രോണ്‍ കൈമാറിയിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ വിവരങ്ങള്‍ വിശദമാക്കാമോ ?

(ഇ) ഗവണ്‍മെന്റ് സെക്രട്ടേറിയറ്റില്‍ ഡി.ഡി.എഫ്.എസ് നടപ്പാക്കുന്നതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതികള്‍ സര്‍ക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ അത്തരം പരാതികളിന്മേല്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ ജീവനക്കാരുടെ വിശദാംശം

6288 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ മൊത്തം എത്ര ജീവനക്കാരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചിട്ടുണ്ട്;

(ബി) അവരുടെ പ്രതിമാസ വേതനം, മറ്റ് ആനുകൂല്യങ്ങൾ അടക്കം ചെലവിടുന്ന തുക എത്രയാണ്?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന് സറണ്ടർ</u>

6289 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും വിരമിച്ചശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നിയമനം ലഭിക്കുന്നവർക്ക് ഓരോ വർഷവും എത്ര ആർജിത അവധിയാണ് ലഭിക്കുന്നത് ; ഇത് എപ്രകാരമാണ് കണക്കാക്കുന്നത് ; ഇവർക്ക് അർഹമായ മറ്റു അവധികൾ ഏതെല്ലാം ; വിശദമാക്കുമോ ;

(ബി) ഇവരുടെ ആർജിത അവധികൾ എല്ലാ വർഷവും സറണ്ടർ ചെയ്തു നൽകുന്നുണ്ടോ ; എങ്കിൽ എത്ര അവധികളാണ് അപ്രകാരം അനുവദിക്കുന്നത് ;

(സി) ഇപ്രകാരം ആർജിത അവധി സറണ്ടർ ചെയ്യാത്തവർക്ക് പേഴ്സണൽ സ്റ്റാഫിൽ നിന്നും വിരമിച്ചശേഷം അവ സറണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിലുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള അനോമലി പരിഹരിച്ച് നിയമ തടസ്സം ഒഴിവാക്കി ടെർമിനൽ സറണ്ടറിനുള്ള അനുമതി നൽകുമോ ;

(ഇ) ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ചിരിക്കുന്ന തടസ്സവാദങ്ങൾ നിയമാനുസൃതമാണോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടികൾ</u>

6290 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഭാഗമായി ചില സമുദായങ്ങളിലെ അപേക്ഷകൾ പല വട്ടം പരസ്യം ചെയ്തിട്ടും ലഭ്യമാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി പി.എസ്.സി ഏതെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതേ കാര്യത്തിൽ നിയമസഭയുടെ പിന്നോക്ക സമുദായ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കോടതികളിൽ നിന്നും പിൻവലിച്ച കേസ്സുകളുടെ എണ്ണം</u>

6291 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കേസുകൾ കോടതികളിൽ നിന്നും പിൻവലിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായുണ്ടായതല്ലാത്ത ഏതെങ്കിലും കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ രീതിയിൽ കേസുകൾ പിൻവലിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതി പരാമർശം വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പേരിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ വിവിധ കോടതികളിലെ കേസുകൾ എഴുതിത്തള്ളൽ</u>

6292 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ വിവിധ കോടതികളിലായി എത്ര കേസുകൾ എഴുതിത്തള്ളാൻ ശുപാർശ ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളുടെ വിശദാംശം വെളിപ്പെടുത്താമോ ; ഈ കേസുകളിലെ പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ</u>

T6293 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് കമ്പനികളുടെ അനാസ്ഥ മൂലം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളിൽ അനേകം കേസ്സുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തനംതിട്ട എം.എ.സി.റ്റി യിൽ 1998 മുതലുള്ള എണ്ണായിരത്തോളം വരുന്ന കേസ്സുകൾ തീർപ്പാകാതെ കിടക്കുകയാണെന്നുള്ളത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(സി) വിധിയായ കേസ്സുകളിൽ ഇൻഷുറൻസ് കമ്പനികൾ പണം കെട്ടിവയ്ക്കാത്തതിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) അപകടത്തിൽ മരിച്ചവരുടേയും ചലനശേഷി നഷ്ടപ്പെട്ടവരുടേയും കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഗാർഹിക പീഡന നിരോധന നിയമം</u>

6294 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക പീഡന നിരോധന നിയമപ്രകാരം കേരളത്തിലെ കോടതികളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗാർഹിക പീഡന നിരോധന നിയമം സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് ജില്ലകൾ തോറും കോടതികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ജില്ലാ കോടതികളിലെ ജഡ്ജിമാരുടെ ഒഴിവുകൾ

6295 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ കോടതികളിൽ ജഡ്ജിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും, അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഫാസ്റ്റ്ട്രാക്ക് കോടതികളെ സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വിധിപ്രകാരം ഫാസ്റ്റ്ട്രാക്ക് കോടതികൾ നിലനിർത്തുന്നതിന് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾക്ക് തന്നെ സ്വതന്ത്രമായി തീരുമാനമെടുക്കാമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഇ) ഇപ്രകാരം തീരുമാനം എടുക്കുന്നതിലേക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലായെങ്കിൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ നിലനിർത്തുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കൊച്ചി- മംഗലാപുരം ഗ്യാസ് പൈപ്പ് ലൈന്‍</u>

6296 ശ്രീ. സി. കെ. നാണു
,, മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊച്ചിയില്‍ നിന്നും മംഗലാപുരംവഴി കടന്നുപോകുന്ന ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതക പൈപ്പ് ലൈന്‍ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്ന് പറയുമോ;

(ബി) പ്രസ്തുത പൈപ്പ് ലൈന്‍ കടന്നുപോകുമ്പോള്‍ നഷ്ടപ്പെടുന്ന വീടുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(സി) വീടും സ്ഥലവും നഷ്ടപ്പെടുന്നവര്‍ക്ക് നല്‍കുന്ന നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പെട്രോൾ വിലവർദ്ധന</u>

6297 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തവണ പെട്രോൾ വില വർദ്ധനവുണ്ടായിട്ടുണ്ട് ;

(ബി) ഓരോ തവണയും എത്ര രൂപ വീതമായിരുന്നു വർദ്ധനവ് ;

(സി) വില വർദ്ധനവുമൂലം സംസ്ഥാനത്തിനുള്ള അധിക നികുതി എത്ര തവണ വേണ്ടെന്നു വച്ചു; ഇതു മൂലം സംസ്ഥാന സർക്കാരിന് എത്ര രൂപയുടെ നികുതിയാണ് നഷ്ടമായത് ;

(ഡി) അധിക നികുതി വേണ്ടെന്നു വെച്ചു കഴിയുമ്പോൾ ഓരോ തവണയും എത്ര രൂപയാണ് പെട്രോൾ വില വർദ്ധിച്ചത് ; അത് പ്രത്യേകം ലഭ്യമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പെട്രോൾ വില എത്രയായിരുന്നു. ഇപ്പോൾ എത്രയാണ് ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പറമ്പിക്കുളം ആളിയാർ കരാർ</u>

6298 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ കരാർ അനുസരിച്ച് എത്ര വെള്ളമാണ് തമിഴ്നാട് സർക്കാർ കേരളത്തിന് നല്കേണ്ടത്;

(ബി) കഴിഞ്ഞ 10 വർഷമായി ഈ കരാർ അനുസരിച്ചുള്ള വെള്ളം കേരളത്തിനു ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സുജിത് ബാബുവിന്റെ സഹോദരിക്ക് ജോലി</u>

6299 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ധീരജവാൻ ശൗര്യചക്ര സുജിത് ബാബുവിന്റെ സഹോദരിക്ക് ജോലി വാഗ്ദാനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജോലി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ജോലി കിട്ടാത്തതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ആശ്രിത നിയമനം നടത്തുവാൻ കൂടുതൽ തസ്തികകൾ

6300 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എ.റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

പെരുമ്പാവൂരിലെ ശ്രീ. പി. കെ. വാസുദേവൻ നായർ സ്മാരക ട്രസ്റ്റ്

6301 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ശ്രീ. പി. കെ. വാസുദേവൻ നായർ സ്മാരക ട്രസ്റ്റിന് സാമ്പത്തിക സഹായം അനുവദിച്ചിരുന്നോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക ട്രസ്റ്റിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ നടപടി എടുക്കുമോ;

(സി) ട്രസ്റ്റ് തുക കൈപ്പറ്റുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നവീകരണം</u>

6302 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യൂ. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പബ്ളിക് സർവ്വീസ് കമ്മീഷനെ നവീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) സർക്കാരിനോട് പി.എസ്സ്.സി. ആവശ്യപ്പെട്ടിട്ടുളള അധിക ജീവനക്കാരടക്കം വിവിധ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ എന്ന നടപടി</u>

6303 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യിൽ ഒറ്റത്തവണ രജിസ്ട്രേഷൻ എന്ന നടപടി ഉദ്യോഗാർത്ഥികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാവിലെമുതൽ പി.എസ്.സി. ഓഫീസുകളിൽ വെരിഫിക്കേഷന് എത്തിച്ചേരുന്ന ഉദ്യോഗാർത്ഥികൾ ഓഫീസ് സമയം കഴിഞ്ഞും ഏറെനേരം ഓഫീസുകളിൽ കാത്തിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം നൽകുമോ;

(സി) പ്രസ്തുത നടപടി കുറ്റമറ്റരീതിയിലും അനായാസവുമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. നിയമനത്തിനുള്ള പ്രായപരിധി</u>

6304 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻപ്രായം വർദ്ധിപ്പിച്ചതുമൂലം പി. എസ്. സി. നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രായപരിധി കഴിഞ്ഞതിനാൽ മുമ്പ് അപേക്ഷിക്കാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് വീണ്ടും അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 35- ൽനിന്നും 36 ആക്കാൻ നടപടി</u>

6305 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്കുള്ള ഉദ്യോഗാർത്ഥികളുടെ പ്രായ പരിധി 35-ൽ നിന്നും 36 ആയി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

പി. എസ്.സി ലിസ്റ്റുകളുടെ കാലാവധി

6306 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായം ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പി. എസ്.സി ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലിസ്റ്റുകളുടെ കാലാവധിയാണ് വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെങ്കിലും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം</u>

6307 ശ്രീ. ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനത്തിന് പുതുക്കിയ കമ്പ്യൂട്ടര്‍ യോഗ്യത നിര്‍ണ്ണയിച്ചതിന്റെ മാനദണ്ഡം എന്താണ്; വിശദമാക്കുമോ;

(ബി) സ്കൂള്‍/ഹയര്‍സെക്കന്ററി/ഡിഗ്രി തലങ്ങളില്‍ കമ്പ്യൂട്ടര്‍ ഒരു വിഷയമായി പഠിച്ച് പാസ്സായിവരുന്ന ഉദ്യോഗാര്‍ത്ഥികള്‍ക്ക് സെക്രട്ടേറിയറ്റില്‍ ജോലിചെയ്യാന്‍ വീണ്ടും മറ്റൊരു കമ്പ്യൂട്ടര്‍ കോഴ്സ് പാസ്സാകേണ്ട നിബന്ധന ആവശ്യമാണോ;

(സി) എങ്കില്‍ പ്രസ്തുത യോഗ്യതാ നിര്‍ണ്ണയം പുന:പരിശോധിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം</u>

T6308 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമനം ലഭിച്ചിട്ടുണ്ട് എന്നും അത് ഏതൊക്കെ സ്ഥാപനങ്ങളിലും വകുപ്പുകളിലും എത്ര പേർക്ക് വീതമെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു എന്നും ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാർ സർവ്വീസിൽ ക്ലാസ് വൺ വിഭാഗത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ എത്ര തസ്തികകൾ ഉണ്ടെന്നും ഇതിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാർ സർവ്വീസിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലെ ഏതെല്ലാം തസ്തികകളിലെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഫോറസ്റ്റ് ഗാർഡിന്റെ നിയമന നടപടികൾ</u>

6309 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ 55/2008 കാറ്റഗറി നമ്പർ ആയി വിജ്ഞാപനം നടത്തിയ ഫോറസ്റ്റ് ഗാർഡിന്റെ നിയമന നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകിയതിനുശേഷം നിയമനം</u>

6310 ശ്രീ. മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. അഡ്വൈസ് ചെയ്യുന്ന ജീവനക്കാർക്ക് കുറഞ്ഞത് രണ്ടാഴ്ചത്തെയെങ്കിലും പരിശീലനം നൽകിയതിന് ശേഷം നിയമനം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) ഇങ്ങനെ പരിശീലനം നൽകുന്നതിന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

### എൽ.ഡി. ക്ലാർക്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

6311 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.ക്ലാർക്കിന്റെ ഏതെല്ലാം ജില്ലകളിലെ ലിസ്റ്റ് നിലവിൽ നിയമനത്തിനായി തയ്യാറായിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ; പ്രസ്തുത ലിസ്റ്റിൽ നിന്നും എന്നു മുതൽ അഡ്വൈസ് അയച്ചു തുടങ്ങാനാകുമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്യാൻ വൈകുന്നത് എന്തു കൊണ്ടാണ് ; ലിസ്റ്റിന് എന്തെങ്കിലും സാങ്കേതികമായ പിശകു സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പെയിന്റർ തസ്തിക നിയമനം

6312 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെയിന്റർ തസ്തിക നിയമനത്തിന് പി.എസ്.സി. അവസാനമായി പരീക്ഷ നടത്തിയത് എന്നാണ് ;

(ബി) പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധപ്പെടുത്തുമെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് കെ.എസ്.ആർ.ടി.സി.-യിൽനിന്നും എത്ര ഒഴിവുകൾ നാളിതുവരെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റുകൾ</u>

6313 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായാണ് റാങ്കുലിസ്റ്റുകൾ തയ്യാറാക്കുന്നത്; ഓരോ റാങ്ക് ലിസ്റ്റിന്റേയും കാലാവധി എത്ര വീതമാണ്; റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ടോ;

(ബി) റാങ്ക് ലിസ്റ്റുകൾക്ക് ഒരു വർഷത്തിൽ കൂടുതൽ കാലാവധി നൽകുന്നതു കൊണ്ടും ദീർഘിപ്പിച്ച് നൽകുന്നതു കൊണ്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം കൊണ്ടും യോഗ്യതാപരീക്ഷ നേടുന്ന ഉദ്യോഗാർത്ഥികൾക്ക് നിരവധി വർഷങ്ങൾ പാഴായിപ്പോകുന്നതും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനു പരിഹാരമായി എല്ലാ വർഷവും ജനുവരി ഒന്നു മുതൽ പ്രാബല്യം നൽകുന്ന വിധത്തിൽ പ്രധാനപ്പെട്ട തസ്തികകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണ നടപടികൾ മുൻകൂട്ടിതയ്യാറാക്കിയ ടൈം-ടേബിൾ അനുസരിച്ച് നടത്തുന്നതിനും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമായി ചുരുക്കുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുമോ;

(ഡി) ഇതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായം തേടുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>സൈക്കോളജി ലക്ചറർ തസ്തികയുടെ റാങ്ക് ലിസ്റ്റ്</u>

6314 ശ്രീ. പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സൈക്കോളജി ലക്ചറർ തസ്തികയിലേക്ക് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനം നടത്തി എന്ന് പറയുമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് എന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>അഗ്രികൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്</u>

6315 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് പി.എസ്.സി എത്ര ലിസ്റ്റുകളായാണ് പ്രസിദ്ധീകരിച്ചത്; എന്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ചത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കട്ട് ഓഫ് മാർക്ക് എത്രയാണ്;

(സി) മൈനസ് മാർക്ക് വാങ്ങിയവരേയും പൂജ്യം മാർക്ക് വാങ്ങിയവരേയും ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) ലിസ്റ്റ് I-ലെ ഒന്നാം റാങ്കുകാരന്റെ മാർക്കും അവസാന റാങ്കുകാരന്റെ മാർക്കും എത്രയാണ്;

(ഇ) ലിസ്റ്റ് II ലെ ഒന്നാം റാങ്കുകാരന്റെ മാർക്കും അവസാന റാങ്കുകാരന്റെ മാർക്കും എത്രയാണ്;

(എഫ്) തൊഴിലധിഷ്ഠിത കോഴ്സായ വി.എച്ച്.എസ്.ഇ (അഗ്രികൾച്ചർ) കാരെയും ബി.എസ്.സി (അഗ്രികൾച്ചർ) കാരെയും തുല്യയോഗ്യതയുള്ളവരായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി റാങ്ക് ലിസ്റ്റ്</u>

6316 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ.ഡി ക്ലാർക്ക് റാങ്ക് ലിസ്റ്റ് ആലപ്പുഴ ജില്ലയിൽ നിലവിൽ വന്നത് എന്നാണെന്നു പറയാമോ; ഈ ലിസ്റ്റിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട്; വിവിധ റിസർവേഷൻ വിഭാഗങ്ങളിൽ ഓരോ ഇനത്തിലും എത്രപേർ വീതം പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നു പറയാമോ;

(ബി) പ്രസ്തുത ലിസ്റ്റ് നിലവിൽ വരുന്നതിന് തൊട്ടുമുമ്പുണ്ടായിരുന്ന എത്ര ഒഴിവുകൾ പഴയ ലിസ്റ്റിൽ നിന്നും നികത്താതെ കിടക്കുന്നു എന്നു വ്യക്തമാക്കുമോ;

(സി) പുതിയ എൽ.ഡി.സി റാങ്ക് ലിസ്റ്റിൽ നിന്നും ആലപ്പുഴ ജില്ലയിൽ എത്രപേരെ നിയമിച്ചു എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>എച്ച്. എസ്. എ. (മലയാളം) തസ്തിക കൊല്ലം ജില്ലയിലെ കണക്ക്</u>

6317 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന എച്. എസ്. എ. (മലയാളം) തസ്തിയിലേയ്ക്ക് നിയമിക്കുന്നതിന് കൊല്ലം ജില്ലയിൽ പി.എ സ്. സി. യുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ബൈട്രാൻസ്ഫർ മുഖേന അവസാനമായി കൊല്ലം ജില്ലയിൽ അപേക്ഷ ക്ഷണിച്ചതും നിയമനം നടത്തിയതും എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനത്തിനായി 2011 ൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഒഴിവ് പി.എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവിലേയ്ക്ക് പി.എ സ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; അപേക്ഷക്ഷണിച്ചുവെങ്കിൽ നോട്ടിഫിക്കേഷൻ നമ്പരും തീയതിയും വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവ് മറ്റ് ഏതെങ്കിലും ലിസ്റ്റിൽ നിന്നും നികത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ലിസ്റ്റിന്റെ പേരും നിയമന അഡ്വൈസ് തീയതിയും നൽകുമോ;

(ഇ) സർക്കാർ ഉത്തരവ് പ്രകാരം ഒരു നിശ്ചിത ശതമാനം ബൈട്രാൻസ്ഫർ നിയമനത്തിന് നീക്കിവച്ചിട്ടുള്ള ഒഴിവ് നേരിട്ടുള്ള നിയമന റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാൻ പി.എ സ്. സി. യ്ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ തെറ്റായ നിയമനം ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; നിയമാനുസൃതം പുതിയവ അപേക്ഷ ക്ഷണിച്ച് നിയമനം നടത്തുമോ;

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

(എഫ്) ഇത് സംബന്ധിച്ച് പി.എസ്. സി. യ്ക്കോ സർക്കാരിനോ പരാതി ലഭിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി മീറ്റർ റീഡർ പരീക്ഷ

6318 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മീറ്റർ റീഡർ പരീക്ഷ എന്നാണ് നടന്നത് ;

(ബി) നിലവിലുള്ള റാങ്ക് പട്ടിക എന്നാണ് അവസാനിച്ചത്;

(സി) മീറ്റർ റീഡർമാരുടെ റാങ്ക് പട്ടിക വേഗത്തിൽ പുറത്തിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) എങ്കിൽ എന്ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>ഹയർസെക്കണ്ടറി കോമേഴ്സ് വിഭാഗം ജൂനിയർ, സീനിയർ അദ്ധ്യാപക തസ്തികയിലെയ്ക്കുള്ള പരീക്ഷ</u>

6319 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈയിടെ പി.എസ്.സി. നടത്തിയ ഹയർസെക്കണ്ടറി കോമേഴ്സ് വിഭാഗം ജൂനിയർ,സീനിയർ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള എഴുത്ത് പരീക്ഷയിൽ കോമേഴ്സ് വിഭാഗത്തിനുപകരം കണക്ക് വിഷയത്തിലുള്ള ചോദ്യങ്ങളാണ് കൂടുതൽ ചോദിച്ചതെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിനായി കട്ട് ഓഫ് മാർക്ക് 70%-ൽനിന്നും കുറച്ച് ഉദ്യോഗാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

പി. എസ്. സി. സർവ്വീസ് വെരിഫിക്കേഷൻ

6320 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയമനങ്ങളിൽ ജീവനക്കാരുടെ സർവ്വീസ് വെരിഫിക്കേഷൻ നടത്തുവാൻ പി. എസ്. സി. എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ സർവ്വീസ് വെരിഫിക്കേഷൻ നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസികളിൽ നിയമനം ലഭിച്ചവർക്ക്, അന്തർജില്ലാ, അന്തർവകുപ്പ് സ്ഥലം മാറ്റത്തിന് അപേക്ഷിക്കാൻ സർവ്വീസ് റെഗുലറൈസേഷൻ ആവശ്യമാണോ ; വിശദമാക്കുമോ ;

(ഡി) കാസർഗോഡ് ജില്ലാ പി. എസ്. സി. ആഫീസുകൾ ഉൾപ്പെടെ സംസ്ഥാനത്ത് നാളിതുവരെ പി. എസ്. സി. ആഫീസുകളിൽ സർവ്വീസ് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>പി. എസ്. സി. യിലെ വെരിഫിക്കേഷൻ നടപടികൾ</u>

6321 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യിൽ നിയമനം നടത്തിയതിന്റെ വെരിഫിക്കേഷൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതുമൂലം ജോലിയിൽ പ്രവേശിച്ച ജീവനക്കാർ സർവീസ് റെഗുലറൈസേഷൻ, ഐ. ഡി. റ്റി., ഇൻക്രിമെന്റ് തുടങ്ങിയ പല കാര്യങ്ങളിലും ബുദ്ധിമുട്ട് നേരിടുന്നതായി അറിയാമോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ജീവനക്കാരുടെ കുറവാണ് ഇതിനൊരു പ്രധാന കാരണമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ കൂടുതൽ പുതിയ തസ്തികകൾ പി. എസ്. സി. യിൽ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ ഒഴിവുള്ള തസ്തികകള്‍</u>

6322 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയില്‍ ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകള്‍ ഉണ്ടായിട്ടും ഉദ്യോഗാര്‍ത്ഥികളുടെ അഭാവംമൂലം റാങ്ക് ലിസ്റ്റുകള്‍ തയ്യാറാക്കുവാന്‍ കഴിയാതെ വന്നിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ്.റ്റി. ഇക്കണോമിക്സ് ടീച്ചർ തസ്തിക</u>

6323 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് 15.06.2012-ന് പി.എസ്.സി. നടത്തിയ പരീക്ഷയിലെ ചോദ്യപേപ്പറിലെ ക്രമ നമ്പറുകൾ തെറ്റായി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഫെബ്രുവരിയിൽ നടത്തിയ പരീക്ഷയുടെ ചോദ്യങ്ങൾ ഗൈഡിൽ നിന്നു പകർത്തിയതാണെന്ന് മനസ്സിലാക്കിയിട്ടാണ് പി.എസ്.സി. രണ്ടാം തവണയും പരീക്ഷ നടത്തിയ തെന്നകാര്യം അറിയുമോ; ഇത്തരത്തിൽ ചോദ്യപേപ്പറിലെ തെറ്റുകൾ ആവർത്തിക്കാതിരിക്കുന്നതിനും ചോദ്യങ്ങളുടെ കൃത്യതയ്ക്കും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

**എൻ. സി. എ., എസ്. ഐ. യു. സി. നാടാർ വിഭാഗത്തിന്റെ പെന്റിംഗ് ടേൺ ഒഴിവുകൾ**

6324 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലയിൽ കാറ്റഗറി നമ്പർ 307/07 പ്രകാരം എൽ. പി. എസ്. എ. നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ എൻ. സി. എ., എസ്. ഐ. യു. സി. നാടാർ വിഭാഗത്തിന്റെ പെന്റിംഗ് ടേൺ ഒഴിവുകൾ മറ്റ് ഇതര വിഭാഗത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വന്നിട്ടുള്ള പെന്റിംഗ് എൻ. സി. എ., എസ്.ഐ. യു. സി. നാടാർ ടേൺ (എസ്. ഐ. യു. സി. നാടാർക്ക് ലഭിക്കേണ്ട സംവരണം മറ്റ് വിഭാഗങ്ങൾക്ക് നൽകിയത്) എസ്. ഐ. യു. സി. നാടാർക്ക് തിരികെ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ പെന്റിംഗ് എൻ. സി. എ. ടേൺസ് (മലയാളം മീഡിയം) എൽ. പി. എസ്. എ. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ പറയുംപ്രകാരം ഈ വിഷയത്തിൽ പി.എസ്. സി. നിയമന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പാലക്കാട് ജില്ലയിൽ എൻ. സി. എ., എസ്. ഐ. യു. സി. നാടാർ പെന്റിംഗ് ടേൺ നികത്തുന്നതിന് കാറ്റഗറി നമ്പർ 307/07 പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടി ഉണ്ടാകുമോ;

# കേരള നിയമസഭ

## 11.07.2012-ലെ മറുപടിക്ക്

(എഫ്) ഇതേ കാറ്റഗറി നമ്പർ (307/207) പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എസ്.ഐ.യു.സി. നാടാർക്ക് ലഭിക്കേണ്ട സംവരണം മറ്റ് വിഭാഗങ്ങൾക്ക് നൽകിയിരുന്നതിന് (എൻ.സി.എ., എസ്.ഐ.യു.സി. നാടാർ പെന്റിംഗ് ടേൺ) എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന് കോംപൻസേഷൻ നൽകിയിട്ടുണ്ടോ;

(ജി) പാലക്കാട് ജില്ലയിൽ എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന്റെ എൽ.പി.എസ്.എ. പെന്റിംഗ് ടേൺ നികത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുക?

# കേരള നിയമസഭ
# 11.07.2012-ലെ മറുപടിക്ക്

<u>വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള</u>
<u>തസ്തികകളിലേക്കുള്ള ഒഴിവുകൾ</u>

6325 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വികലാംഗർക്ക് തൊഴിൽ ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വികലാംഗർക്കുള്ള സംവരണ തസ്തികകളിലേക്ക് പി. എസ്. സി. വഴി നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) വികലാംഗർക്ക് സംവരണം ചെയ്തിട്ടുള്ള തസ്തികകളിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പേരെ നിയമിച്ചു ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 11.07.2012-ലെ മറുപടിക്ക്

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ അനലിസ്റ്റ്മാരുടേയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടേയും യോഗ്യത

T 6326

ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ പി.എസ്.സി. വഴി നിയമിക്കപ്പെടുന്ന അനലിസ്റ്റ്മാരുടേയും ഡ്രഗ്സ് ഇൻസ്പെക്ടർമാരുടേയും യോഗ്യതകളിലോ പ്രവൃത്തി പരിചയത്തിലോ എന്തെങ്കിലും വ്യത്യാസമുണ്ടോ;

(ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാരായി നോട്ടിഫൈ ചെയ്തിട്ടുള്ളവർക്ക് എല്ലാം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുൻപ് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് റൂൾ അനുസരിച്ചുള്ള യോഗ്യതകളും പരിചയവും ഉണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(സി) ഒരേ യോഗ്യതാമാനദണ്ഡങ്ങൾ ഉള്ളതും ഒരേ പേസ്കെയിലിൽ പെടുന്നതും ഒരേ ഡിപാർട്ട്മെന്റിൽ പെടുന്നതും ആയ രണ്ട് തസ്തികകൾക്ക് പി.എസ്.സി. രണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് ടെസ്റ്റുകൾ നടത്തി നിയമനം നടത്തുന്നത് സർക്കാർ ഖജനാവിന് നഷ്ടമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) ഒരേ യോഗ്യതാമാനദണ്ഡങ്ങളുള്ള അനലിസ്റ്റ് ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികകൾ ഏകീകരിച്ച് തസ്തികമാറ്റം അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?